**"എന്റെ മുറിയിൽ ഒറ്റയ്ക്കിരിക്കാനും ഒറ്റയ്ക്ക് ഉറങ്ങാനും ഞാൻ ഇഷ്ടപ്പെടുന്നു. ചിലപ്പോഴെങ്കിലും കുടുംബജീവിതക്കാരെ കുറിച്ച് ഞാൻ അത്ഭുതപ്പെടാറുണ്ട്. എപ്പോഴും അവരെങ്ങനെ ഒരുമിച്ച് കഴിഞ്ഞ് കൂടുന്നു?"**

**ബ്രഹ്മചര്യത്തിന്റെ ലൈംഗിക വീക്ഷണങ്ങൾ പങ്കുവയ്ക്കുന്നു**

**ഫാ. ജേക്കബ് തച്ചറാട്ടിൽ**

# ബ്രഹ്മചര്യത്തിന്റെ സാധ്യതകൾ പരിമിതികൾ

കുടുംബ ജീവിതത്തെ - വിവാഹജീവിതത്തെ - രണ്ടാംതരമാക്കി അവതരിപ്പിച്ചത്, പൗരോഹിത്യമാണ് എന്ന് ഞാൻ കരുതുന്നു. കത്തോലിക്ക പൗരോഹിത്യം ബ്രഹ്മചര്യത്തെ ഒരു നിബന്ധനയും നിർബന്ധവുമാക്കിയതോടെ കുടുംബജീവിതത്തിന്റെ അന്തസ്സ് നഷ്ടപ്പെട്ടു. സന്ന്യാസത്തിലേക്കും പൗരോഹിത്യത്തിലേക്കും പ്രവേശിക്കുകയെന്ന് വച്ചാൽ അത് ദൈവവിളിയാണ്. ദൈവവിളി ലഭിച്ചവനും ലഭിച്ചവളുമാണ് അതിലേക്ക് കടന്നുവരുക. കുടുംബജീവിതത്തിലേക്ക് വരുന്നവരോട് അതും ദൈവവിളിയാണ്, മഹത്വമുള്ളതാണ്, രണ്ടാംതരമല്ല എന്നൊക്കെ പറയാൻ തുടങ്ങിയത് ഈ അടുത്തകാലത്താണ്.


"മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. അവന് ചേർന്ന ജനതയെ ഞാൻ നൽകും" എന്ന ബൈബിളിലെ ഉൽപ്പത്തി പുസ്തകത്തിലെ വചനം സ്ത്രീ-പുരുഷ ബന്ധത്തെ, ലൈംഗികതയെ ഏറ്റവും സുന്ദരമായി അവതരിപ്പിക്കുന്നു.

അബ്രഹാം, ഇസഹാക്ക്, യാക്കോബ്, മോസസ് ഇവരെല്ലാവരും വിവാഹിതരായിരുന്നു. അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ എന്നാണ് ഇന്നും പ്രാർത്ഥിക്കുന്നത്. അവരെല്ലാവരിലും ദൈവം അത്രമാത്രം പ്രീതനുമായിരുന്നു. പക്ഷെ, ഇന്ന് പറയപ്പെടുന്നതും വ്യാഖ്യാനിക്കപ്പെടുന്നതും ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാൻ, പൂർണ്ണമായും ഒരുവനെ ദൈവത്തിന് കൊടുക്കാൻ വിവാഹം തടസ്സമാണെന്നാണ്. ഒരുവൻ/ഒരുവൾ സന്ന്യാസത്തിലേക്കും പൗരോഹിത്യത്തിലേക്കും പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തിരുക്കർമ്മങ്ങളിലെ സന്ദേശങ്ങളിൽ ഇത്തരമൊരു ധ്വനി കേൾക്കാം.

ബൈബിളിൽ, സെന്റ് പോൾ കൊറീത്തിലെ സഭയ്ക്ക് എഴുതിയ ഒന്നാം ലേഖനം ഏഴാം അദ്ധ്യായത്തിൽ പറയുന്നത് "സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതാണ് പുരുഷന് നല്ലത്" എന്നാണ്. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള ദാമ്പത്യകടമകൾ നിറവേറ്റേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തുടർന്ന് വിശദമായി പറയുന്നുണ്ടെങ്കിലും മുഴച്ച് നിൽക്കുന്നത് ഈ ആദ്യവചനമാണ്. സെന്റെപോൾ തുടർന്നും പറയുന്നു."അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു. എന്നെപ്പോലെ ആയിരിക്കുന്നതാണ്

അവർക്ക് നല്ലത്.” എന്നുവച്ചാൽ ഏകസ്ഥനായിരിക്കുക എന്നർത്ഥം.

യേശു വിവാഹിതനായിരുന്നില്ല; യേശുവിന്റെ അമ്മയെക്കുറിച്ച് സഭ സവിശേഷമായൊരു പഠനമാണ് അവതരിപ്പിക്കുന്നത്. മറിയം യേശുവിന്റെ ജനനത്തിനു മുമ്പും, ജനത്തിലും, ജനനത്തിനു ശേഷവും കന്യകയായിരുന്നുവെന്ന് മറിയത്തിന്റെ ഭർത്താവായ ജോസഫ് മറിയവുമായി സഹവസിയ്ക്കുന്നതിനു മുമ്പാണ് യേശു ജനിച്ചതെന്ന്; സെന്റ് ജോസഫ് യേശുവിന്റെ വളർത്തു പിതാവായിരുന്നുവെന്ന്; മറിയം യേശുവിനെ ഗർഭം ധരിയ്ക്കുന്നത് ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിലൂടെയാണെന്ന്.



കന്യാത്വം – ദൈവത്തിന് സമർപ്പിക്കുക; ബ്രഹ്മചര്യത്തിലൂടെ ഒരുവൻ മുഴുവനായും ദൈവത്തിന് സമർപ്പിക്കുക – ഇത് സഭയുടെ ശക്തമായ ഒരു ആഹ്വാനമാണ്. ആയിരകണക്കിന് യുവതിയുവാക്കന്മാർ യേശുവിന്റെ അപ്പസ്തോലന്മാരുടെ കാലം തൊട്ട് ഈ വഴിയെ ഇറങ്ങിത്തിരിയ്ക്കുന്നുണ്ട്.

ഞാനും ആഹ്വാനമനുസരിച്ചുള്ള ഒരു ജീവിതം തിരഞ്ഞെടുത്തവനാണ്. പ്രായോഗികമായി ഈ ജീവിതശൈലി തരുന്ന കുറേ സൗകര്യങ്ങളുണ്ട്. ഇരുപത്തിനാല് മണിക്കൂറും ഒരു പ്രത്യേക അർത്ഥത്തിൽ ഞാൻ സ്വതന്ത്രനാണ്. ഒരു കുടുംബം പോറ്റുന്നതിന്റെ വ്യഗ്രതകൾ എനിക്കില്ല. നമ്മുടെ കാലഘട്ടത്തിൽ പ്രത്യേകിച്ചും ഒരു കുടുംബനാഥനും കുടുംബനാഥയും കഴിയ്ക്കുന്ന പെടാപാട് എന്തുമാത്രമാണ് പരിശീലനം കൊണ്ടും ശീലംകൊണ്ടും ഞാൻ ഒറ്റയാനായിരിക്കുന്നു. എന്റെ മുറിയിൽ ഒറ്റയ്ക്കായിരിക്കാനും ഒറ്റയ്ക്ക് ഉറങ്ങാനും ഞാൻ ഇഷ്ടപ്പെടുന്നു. ചിലപ്പോഴെങ്കിലും കുടുംബജീവിതക്കാരെ കുറിച്ച് ഞാൻ അത്ഭുതപ്പെടാറുണ്ട്. മുഴുവൻ നേരത്തും അവരെങ്ങനെ ഒരുമിച്ച് കഴിഞ്ഞ് കൂടുന്നു? കട്ടിലിൽ പോലും തട്ടിയും മുട്ടിയും. ഞാൻ കടന്നുപോന്ന സാഹചര്യങ്ങളും ശീലങ്ങളും എന്നെ ഇങ്ങനെയാക്കി തീർത്തു എന്ന് ഞാൻ കരുതുന്നു.

ലൈംഗികത ഒരു അടിസ്ഥാന ചോദനയായതുകൊണ്ട് പ്രലോഭനങ്ങൾക്ക് കുറവൊന്നുമില്ല. മഹാത്മ ഗാന്ധിജിയെക്കുറിച്ച് ഡോ. കെ.അരവിന്ദാക്ഷൻ എഴുതിയത് വായിച്ചതോർക്കുന്നു, ഇത്രമാത്രം കാമവികാരങ്ങളുണ്ടായിരുന്നു ഒരു മനുഷ്യൻ വേറെ ഉണ്ടായിരിക്കുമോയെന്ന്. സെന്റ് ഫ്രാൻസിസ് അസ്സീസ്സി ഇത്തരമൊരു പ്രലോഭന സന്ദർഭത്തിൽ മുള്ളുള്ള റോസ ചെട്ടികളുടെ മേലെ കിടന്നുരുണ്ടതുകൊണ്ട് അസ്സീസ്സിയിൽ മുള്ളുകളില്ലാത്ത റോസ് ചെടികളുമുണ്ടായെന്ന്. ഒരായിരം യുദ്ധങ്ങൾ ജയിക്കുന്നതിനേക്കാൾ മഹത്വമുള്ളതാണ് അവനവനെ തന്നെ ജയിക്കുക എന്നുള്ള ബുദ്ധവാചനവും കേൾക്കുമ്പോൾ ഈ ജീവിതശൈലി ക്ലേശകരമാണെന്ന് കൂടുതൽ ബോദ്ധ്യമാകുന്നു. അല്ലെങ്കിൽ ത്തന്നെ നീണ്ട പരിശീലന വർഷങ്ങൾക്കിടയിൽ ഇത് പഠന വിഷയവും, ചർച്ചാവിഷയവുമാകുന്ന ഒരുപാട് സന്ദർഭങ്ങൾ കിട്ടിയിട്ടുണ്ട്.

എന്റെ കൂട്ടുകാരായിരുന്നു ചില വൈദികർ പൗരോഹിത്യത്തിൽ നിന്ന് പിന്മാറി, വിവാഹം ചെയ്തു. സിസ്റ്റേഴ്സും ചിലർ സ്ഥാപനമൊഴിഞ്ഞുപോയി. ഇതേക്കുറിച്ചൊന്നും ഔദ്യോഗിക അറയിപ്പുകളൊന്നും ഉണ്ടാവില്ല. സ്വകാര്യ വർത്തമാനങ്ങളിലൂടെയാണ് പതുക്കെ പതുക്കെ എല്ലാവരും അറിയുക. വലിയ നാണക്കേടുള്ള കാര്യമാണ്. കുടുംബാംഗങ്ങൾക്ക്, അതിരൂപതയ്ക്ക്, അച്ഛന്മാർക്ക്, ഇടവകകാർക്ക് അങ്ങനെ ചെയ്ത വ്യക്തിയെക്കുറിച്ച് ആ വ്യക്തി സഭയ്ക്ക്, സമൂഹത്തിന് വലിയ ഒതപ്പ് ആയി എന്നാണ് പറയുക.

നീതിബോധത്തിന്റെ, കരുണയുടെ, ലളിത ജീവിതത്തിന്റെ സാമ്പത്തിക സുതാര്യതയുടെ, ഊഷ്മളമായ ബന്ധങ്ങളുടെ, അധികാര വിനിയോഗത്തിന്റെ ചിന്തകളും വിചാരങ്ങളും ചർച്ചകളും ഇല്ലാതായിരിക്കുന്നു. ലൈംഗികമായിട്ടുള്ള കാര്യങ്ങൾ കൂടുതൽ താൽപര്യമുള്ളവയായിരക്കുന്നു. സമൂഹത്തിൽ പൊതുവെയും, കത്തോലിക്കാസഭിലും കുറ്റവും കുറ്റബോധവും കുടുതൽ കൂടുതലായി ലൈംഗിക തലത്തിലേയ്ക്കൊതുങ്ങുകയാണ്. നീതിബോധമില്ലാത്തതുകൊണ്ട് നിലപാടെടുക്കാത്തവനും കൊട്ടാരസമാനങ്ങളായ വീടുകളുണ്ടാക്കുന്നവനും കള്ളപ്പണം കൊണ്ടും നികുതിവെട്ടിച്ചുകൊണ്ടും കോടീശ്വരനാകുന്നവനും അധികാര കൊതിമൂത്ത് സ്ഥാനങ്ങൾ നേടുന്നവനും ഭക്തിയുടെ അതിപ്രസരമുണ്ടാക്കി ജനങ്ങളെ പറ്റിയ്ക്കുന്നവനും മണ്ണിലും വെള്ളത്തിലും വിഷം കലക്കുന്നവനും ഒരിടത്തും വിമർശിക്കപ്പെടുന്നില്ല. ലൈംഗിക അപചയങ്ങൾ അതു സ്വയംഭോഗമോ വിവാഹേതര സ്നേഹബന്ധമോ ആകട്ടെ, അതുവേഗം നാട്ടിലെങ്ങും പാട്ടാകുന്നു. എന്തിന് പ്രണയം, പ്രേമം പോലും തിന്മയായി ചിത്രീകരിക്കപ്പെടുന്നു.

ബ്രഹ്മചര്യത്തിന്റെ ഗുണവും ദോഷവും ചർച്ച ചെയ്യപ്പെടേണ്ട ഒരു സജീവ വിഷയമായിട്ടാണ് ഞാൻ കാണുന്നത്. അങ്ങനെ സജീവ ചർച്ചകൾക്കും പകരം ഇന്ന് ഈ വിഷയം ഒരു പാരമ്പര്യമായും ഉന്നത അധികാരമുളളവരുടെ ഉപദേശങ്ങളായുമാണ് അവതരിപ്പിയ്ക്കപ്പെടുന്നത്.

ഇന്ത്യപോലുള്ള ഒരു രാജ്യത്തിൽ വിവാഹിതരും എന്നിട്ടും സത്യാന്വേഷികളുമായിരുന്ന ഒരു പാട് ഋഷിവര്യന്മാരും അതുപോലെ തന്നെ സന്യാസത്തിന്റെ പേരിൽ അവിവാഹിതരായിരുന്ന ആദി ശങ്കരാചാര്യരും വിവേകാനന്ദനും ഉണ്ടായിരുന്നല്ലോ. നമ്മുടെ കാലഘട്ടത്തിൽ ബ്രഹ്മചര്യത്തിൽ പ്രസക്തിയുണ്ടോ? ചർച്ചയ്ക്ക് നല്ല ഇടമുണ്ടെന്ന് തോന്നുന്നു.

സെന്റ് പോൾ പറയുന്നത് “എന്നപ്പോലെ എല്ലാവരും ആയിരുന്നെങ്കിൽ എന്ന് ഞാനാശിക്കുന്നു എന്നാൽ ദൈവത്തിൽ നിന്ന് ഓരോരുത്തർക്കും പ്രത്യേക ദാനങ്ങളാണല്ലോ ലഭിയ്ക്കുന്നത്” എന്നാണ്. ബ്രഹ്മചര്യവും കുടുംബവും രണ്ടും ദൈവത്തിന്റെ സമ്മാനങ്ങളാണത്രെ.